മിച്ചഭൂമി കൊടുക്കാൻ നടപടി

226 [391] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനങ്ങൾക്ക് മിച്ചഭൂമി പതിച്ചുകൊടുക്കുന്നതിന് വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രത്യേക നിർദ്ദേശം ഒന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. വി. കെ. രാജൻ: ഞാൻ കേരളത്തിലെ ലക്ഷക്കണക്കിന് കയർ തൊഴിലാളികളുടെ ഗുരുതരമായ ഒരു പ്രശ്നത്തെ സംബന്ധിച്ച് 9.30 A. M. ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന് നോട്ടീസ് കൊടുത്തിട്ടുണ്ടായിരുന്നു. വ്യവസായ വകുപ്പുമന്ത്രിയാണ്. അതിന് മറുപടി പറയേണ്ടത്. കൂമർ നാരയണനെപ്പോലെ ചാരപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ഒരു മന്ത്രിയായതുകൊണ്ട് അദ്ദേഹത്തിന്റെ മറുപടി ഞാൻ പ്രതീക്ഷിക്കുന്നില്ല.

(ബഹളം)

(2) ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ് പൂട്ടിയിട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. സി. എഫ്. തോമസ്: സർ, ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ് കഴിഞ്ഞ ഒന്നേകാൽ വർഷമായി പൂട്ടിയിട്ടിരിക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ ഇതിനുമുമ്പ് രണ്ടുമൂന്നു പ്രാവശ്യം സബ്മിഷനിലൂടെ ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇപ്പോഴും റൂബി റബ്ബർ വർക്സ് പൂട്ടിയിട്ടിരിക്കുകയാണ്. തൊഴിൽവകുപ്പ് മൂന്നു കോൺഫറൻസുകൾ ഇതിനകം വിളിച്ചുകൂട്ടിക്കഴിഞ്ഞു. പക്ഷേ വളരെ നിഷേധാത്മകനിലപാടാണ് അതിന്റെ മാനേജ്മെൻറ് വഹിക്കുന്ന ഐ. ആർ. ബി. ഐ. (Industrial Reconstruction Bank of India) സ്വീകരിച്ചിരിക്കുന്നത്. അവർ കോൺഫറൻസിൽ പറഞ്ഞത് തൊഴിലാളികളുടെ കുഴപ്പംകൊണ്ടല്ലേ ഇത് ലോക്കൗട്ട് ചെയ്തിരിക്കുന്നത്, ഞങ്ങൾ ഇത് മുന്നോട്ടു കൊണ്ടുപോകാൻ

LIBRARY ARCHIVES Kerala Legislative Assembly